# നോട്ടീസ്

## മൃഗസംരക്ഷണ അവാർഡ് 2016

സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് ഈ മേഖലയിലെ മികച്ച കർഷകർക്കായി അവാർഡ് നൽകുന്നു. സംസ്ഥാന തലത്തിൽ ഏറ്റവും മികച്ച ക്ഷീര കർഷകൻ, വാണിജ്യ അടിസ്ഥാനത്തിൽ മികച്ച ഡയറി ഫാം നടത്തുന്ന കർഷകൻ, കോഴി വളർത്തൽ കർഷകൻ, സമ്മിശ്ര മൃഗ പരിപാലകൻ, യുവ കർഷകൻ, വനിതാ സംരംഭക എന്നിവർക്കും, ജില്ലാ തലത്തിൽ മികച്ച ക്ഷീര കർഷകനും, മികച്ച സമ്മിശ്ര മൃഗ പരിപാലകനും അവാർഡ് നൽകുന്നു.

ജില്ലാ തലത്തിൽ അവാർഡിന് തിരഞ്ഞെടുക്കപ്പെടുന്നവരിൽ നിന്നും ഏറ്റവും മികച്ച ക്ഷീര കർഷകനും, മികച്ച സമ്മിശ്ര കർഷകനും സംസ്ഥാന അവാർഡുകൾ നൽകുന്നതാണ്. സംസ്ഥാന ജേതാവിന്റെ ജില്ലയിലെ രണ്ടാം സ്ഥാനക്കാരന് ജില്ലാ വിജയി പട്ടം നൽകുന്നതാണ്. വാണിജ്യ അടിസ്ഥാനത്തിൽ മികച്ച ഡയറി ഫാം നടത്തുന്ന കർഷകർ, മികച്ച യുവ കർഷകനും, മികച്ച പൗൾട്രി കർഷകനും, മികച്ച വനിതാ സംരംഭയ്ക്കും സംസ്ഥാന തലത്തിൽ മാത്രമേ അവാർഡ് നൽകുന്നുള്ളു. അപേക്ഷാ ഫോറം മൃഗാശുപത്രികളിൽ ലഭ്യമാണ്.

കർഷകർ അപേക്ഷാ ഫോറത്തിനായി സമീപത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ 30/11/2016 നു മുൻപായി മൃഗാശുപത്രിയിൽ സമർപ്പിക്കേണ്ടതാണ്.

മുൻ വർഷങ്ങളിലെ സംസ്ഥാന അവാർഡ് ജേതാക്കൾക്ക് അപേക്ഷിക്കാവുന്നതല്ല. ജില്ലാ തല അവാർഡ് ജേതാക്കൾക്ക് സംസ്ഥാന അവാർഡിനായി അപേക്ഷിക്കാവുന്നതാണ്.

### സംസ്ഥാന തല അവാർഡ് (6 എണ്ണം)

1. മികച്ച ക്ഷീര കർഷകൻ - ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും, ഫലകവും.
2. വാണജ്യ അടിസ്ഥാനത്തിൽ ഏറ്റവും മികച്ച ഡയറി ഫാം - ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും, ഫലകവും.
3. മികച്ച സമ്മിശ്ര കർഷകൻ - ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും, ഫലകവും.
4. മികച്ച പൗൾട്രി കർഷകൻ - അൻപതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും.
5. മികച്ച യുവ കർഷകൻ - അൻപതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും.
6. വനിതാ സംരംഭക - അൻപതിനായിരം രൂപയും പ്രശസ്തി പത്രവും, ഫലകവും.

(മറുപുറം)

## ജില്ല തല അവാർഡ്

| | | |
|---|---|---|
| 1. | മികച്ച ക്ഷീര കർഷകൻ | - ഇരുപതിനായിരം രൂപയും പ്രശസ്തി പത്രവും. |
| 2. | മികച്ച സമ്മിശ്ര കർഷകൻ | - പതിനായിരം രൂപയും പ്രശസ്തി പത്രവും. |

അപേക്ഷാ ഫോറവും മാർഗനിർദ്ദേശങ്ങളും എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്. കുടാതെ മൃഗസംരക്ഷണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റ് ആയ **www. ahd.kerala.gov.in** ലും ലഭ്യമാണ്.